(ഡി) കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനായി നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(ഇ) മേൽപ്പറഞ്ഞ ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ കരാർ അടിസ്ഥാനത്തിൽ അംഗൻവാടി വർക്കർമാരെ നിയമിക്കാറില്ല. സെലക്ട് ലിസ്റ്റ് നിലവിലില്ലാത്ത പ്രോജക്ടുകളിൽ താൽക്കാലികമായി 3 മാസത്തേക്ക് വർക്കർമാരെ നിയമിക്കാറുണ്ട്. എന്നാൽ കരാർ അടിസ്ഥാനത്തിൽ 147 സൂപ്പർവൈസർമാർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്.

(ബി) ഉണ്ട്. വിശദവിവരം ശേഖരിച്ചുവരുന്നു.

(സി) സാമൂഹ്യക്ഷേമ വകുപ്പിൽ നിലവിൽ പ്രവർത്തിക്കുന്ന ഐ.സി.ഡി.എസുകളിൽ ആകെ 1875 ഉം അംഗൻവാടി വർക്കർമാരുടെയും 830 സൂപ്പർവൈസർമാരുടെയും തസ്തികകൾ നിലവിലുണ്ട്.

(ഡി)&(ഇ) ഉണ്ട്. കരാർ അടിസ്ഥാനത്തിൽ നിയമിച്ച സൂപ്പർവൈസർമാരുടെ നിവേദനം പരിശോധിച്ചുവരുന്നു. താൽക്കാലിക വർക്കർമാരുടെ കാര്യത്തിൽ സെലക്ട് ലിസ്റ്റ് നിലവിലില്ലാത്ത പ്രോജക്ടുകളിൽ രണ്ടുവർഷം തുടർച്ചയായോ ഇടവിട്ടോ സേവനം പൂർത്തിയാക്കിയിട്ടുള്ള വർക്കർമാരെ സ്ഥിരപ്പെടുത്താൻ നേരത്തെതന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്.

295 (1474) എടക്കാട് ബ്ലോക്കിൽ അംഗൻവാടികൾ അനുവദിക്കണമെന്ന ആവശ്യം

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടക്കാട് ബ്ലോക്കിൽ ജനസംഖ്യാനുപാതികമായി അംഗൻവാടികൾ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽവന്നിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ആവശ്യമാണോ എന്ന് വ്യക്തമാക്കുമോ;

(സി) ആവശ്യമെങ്കിൽ അതിനുവേണ്ടി സ്വീകരിച്ച നടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. എടക്കാട് ബ്ലോക്കിൽ കൂടുതൽ അംഗൻവാടികൾ അനുവദിക്കണമെന്ന ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ 23.4.98-ലെ ജി.ഒ.(എം.എസ്.) 15/98/സാ.ക്ഷേ.വ. പ്രകാരം എടക്കാട് ഐ.സി.ഡി.എസ്. പ്രോജക്ടിൽ 21 സെന്ററുകൾകൂടി പുനർവിന്യാസംവഴി അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ ആകെ 143 സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഇനിയും കൂടുതൽ സെന്ററുകൾ അനുവദിക്കുന്നകാര്യം പരിഗണനയിലാണ്.

(ബി) ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ആവശ്യമാണ്.

1062/2010.

LIBRARY ARCHIVES Kerala Legislative Assembly

(സി) പുനർവിന്യാസംവഴി കൂടുതലായി അനുവദിച്ച 21 സെന്ററുകൾക്ക് സാധൂകരണം അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്രഗവൺമെന്റിന് 1.6.98-ൽ കത്തയച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിൻമേൽ കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ട് കൂടുതൽ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

296 (1475) അംഗൻവാടി വർക്കർക്ക് ശമ്പളം നൽകണമെന്ന ആവശ്യം

ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, കുന്ദമംഗലം, പൈങ്ങോട്ടുപുറം അംഗൻവാടി വർക്കറായ പി.കെ. ലീലയ്ക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിനുള്ള കോടതിവിധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കോടതിവിധി പ്രകാരം ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോടതിവിധി പ്രകാരം നടപടികൾ സ്വീകരിക്കുന്നതിന് സാമൂഹ്യക്ഷേമ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

297 (1476) മിശ്രവിവാഹിതർക്ക് സഹായം നൽകുന്ന പദ്ധതികൾ

ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിൽനിന്നും മിശ്രവിവാഹിതർക്ക് സാമ്പത്തികസഹായം നൽകുന്ന പദ്ധതിയിൽ വർഷങ്ങളായി അപേക്ഷകൾ കെട്ടിക്കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി ഈ പദ്ധതിപ്രകാരം എത്രപേർക്ക് ഇനിയും ആനുകൂല്യം നൽകാനുണ്ട്; എന്നതിന് ജില്ലതിരിച്ചുള്ള കണക്ക് നൽകുമോ;

(സി) കുടിശ്ശിക തീർത്ത അപേക്ഷകർക്കെല്ലാം ഇക്കൊല്ലംതന്നെ തുക നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 560 പേർക്ക് ധനസഹായം നൽകുവാനുണ്ട്. ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ജില്ല	അപേക്ഷകളുടെ എണ്ണം
1	തിരുവനന്തപുരം	115

LIBRARY ARCHIVES Kerala Legislative Assembly